5614
14/3/20

"ഭരണഭാഷ – മാതൃഭാഷ"

**കേരള സർക്കാർ**

HEDN-ജി 1/162/2019/ഉവിവ.

ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്
തിരുവനന്തപുരം, തീയതി 27.01.2020.

**സർക്കുലർ**

വിഷയം: *ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ്* - ട്രാൻസ്‌ലേഷണൽ എഞ്ചിനീയറിംഗ് കോഴ്സ് - പട്ടികജാതി/പട്ടിക വർഗ്ഗ/പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അർഹത - സംബന്ധിച്ച്.

സൂചന: സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 01.05.2019 തീയതിയിലെ T2/6374/19/DTE നമ്പർ കത്ത്.

ബാർട്ടൺ ഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ട്രാൻസ്‌ലേഷണൽ എഞ്ചിനീയറിംഗ് (സെൽഫ് ഫിനാൻസിംഗ്) കോഴ്സിൽ പഠിയ്ക്കുന്ന പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന വിദ്യാർഥികൾക്ക് യാതൊരു ഫീസ് ഇളവും ലഭിക്കുന്നില്ലായെന്നും, ആയതിനാൽ ട്രാൻസ്‌ലേഷണൽ എഞ്ചിനീയറിംഗ് പഠിക്കുന്ന ഒ.ബി.സി വിഭാഗത്തിൽപ്പെട്ട പിന്നോക്കാവസ്ഥയിലുള്ള വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ശുപാർശ സമർപ്പിച്ചിരുന്നു.

ബാർട്ടൺ ഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്‌ലേഷണൽ എഞ്ചിനീയറിംഗ് കോഴ്സ് പൂർണ്ണമായും സർക്കാർ അംഗീകൃത സ്വാശ്രയ പ്രൊഫഷണൽ കോഴ്സാണ്. ഈ സാഹചര്യത്തിൽ 'ട്രാൻസ്‌ലേഷണൽ എഞ്ചിനീയറിംഗ്' എന്ന സർക്കാർ അംഗീകൃത സെൽഫ് ഫിനാൻസിംഗ് കോഴ്സിൽ പഠിക്കുന്ന SC/ST/OBC വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ *ഇ-ഗ്രാന്റ്സ്* സ്കോളർഷിപ്പിന് അർഹരാണ് എന്നുള്ള കാര്യം ഇതിനാൽ വ്യക്തമാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എൻ.ജയ്സുഖ്‌ലാൽ**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
രജിസ്ട്രാർ, എ.പി.ജെ.അബ്ദുൾ കലാം ടെക്നിക്കൽ യൂണിവേഴ്സിറ്റി, തിരുവനന്തപുരം.
പ്രിൻസിപ്പാൾ,ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്,ബാർട്ടൺഹിൽ,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പ്/പിന്നോക്ക വിഭാഗ വികസന വകുപ്പ്.
ധനകാര്യ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
www.highereducation.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ